പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.266 09-03-2015 ന് മറുപടിയ്ക്ക്

**കണ്ടം ഓലപ്പാറ വലിയതോടിന് കുറുകെയുള്ള ചപ്പാത്ത് നിർമ്മാണം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. രാജു | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) പുനലൂർ നിയോജക മണ്ഡലത്തിൽ എം.എൽ.എ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 2014-15 വർഷത്തിൽ തെന്മല ഗ്രാമപഞ്ചായത്തിൽ ചെറുകടവ് വാർഡിൽ തൊടിയിൽ കണ്ടം ഓലപ്പാറ വലിയതോടിന് കുറുകെ ചപ്പാത്ത് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം വനം വകുപ്പിന് ലഭിച്ച തീയതി എന്നാണെന്ന് അറിയിക്കുമോ; | (എ) 18/10/14 |
| (ബി) പ്രസ്തുത നിർദ്ദേശ പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോട് (സ്പെഷ്യൽ അഫോറസ്റ്റേഷൻ) ടി പ്രവൃത്തിയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടത് എന്നാണ്; ആയതിനു 19-11-2014-ലെ FC2-47083/2014 നമ്പർ കത്ത് പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ) നൽകിയ മറുപടി കത്തുകളുടേയും അനുബന്ധ രേഖകളുടേയും പകർപ്പുകൾ സഹിതമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) 28-10-2014-ന്. ആയതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ)& നോഡൽ ഓഫീസർ നൽകിയ 19-11-2014-ലെ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

Ajithkumar

സെക്ഷൻ ഓഫീസർ

അനുബന്ധം

FC2 - 47083/2014

ഫോറസ്റ്റ്ഹെഡ്ക്വാർട്ടേഴ്സ്,
വഴുതക്കാട്,
തിരുവനന്തപുരം
തീയതി : 19.11.2014

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ,
(സ്പെഷ്യൽ അഫോറസ്റ്റേഷൻ) &
നോഡൽ ഓഫീസർ
തിരുവനന്തപുരം.

22 NOV 2014

അഡീഷണൽ ചീഫ് സെക്രട്ടറി,
വനം വന്യജീവി വകുപ്പ്,
സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

സർ,

വിഷയം:- തെന്മല പഞ്ചായത്തിൽ ചെറുകടവ് വാർഡിൽ തൊടിയിൽ കണ്ടം - ഓലപ്പാറ വലിയ തോട്ടിന് കുറുകെ ചപ്പാത്ത് നിർമ്മിക്കുന്നത് - സംബന്ധിച്ച്.

സൂചന :- സർക്കാർ കത്ത് നമ്പർ 13049/സി3/2014/വനം തീയതി 28.10.2014.

സൂചനയിലേക്ക് ദയവായി ശ്രദ്ധിച്ചാലും. ടി കത്തിനോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്ന് പറഞ്ഞിട്ടുള്ള ശ്രീ. കെ.രാജു എം.എൽ.എ. യുടെ കത്ത് ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണുന്നില്ല. തുടർ നടപടികൾക്കായി ആയതിന്റെ പകർപ്പ് അയച്ച് തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ്
കൺസർവേറ്റർ
(സ്പെഷ്യൽ അഫോറസ്റ്റേഷൻ) &
നോഡൽ ഓഫീസർ

Ajith
സെക്ഷൻ ഓഫീസർ